പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2831

27.01.2014 ലെ മറുപടിയ്ക്ക്

**ഏജ് ഹാൾട്ട് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. റ്റി .എൻ പ്രതാപൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പാലോട് രവി | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) കെ.ടി.ഡി.സി. ഏജ് ഹാൾട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | എ) ഉണ്ട്. കെ.ടി.ഡി.സി.യുടെ പ്രമുഖ റിസോർട്ടുകൾ വഴി നടത്തപ്പെടുന്ന വിവിധ ആയുർവ്വേദ പാക്കേജുകളെയാണ് 'ഏജ് ഹാൾട്ട്' (പ്രായ വിരാമം) എന്ന ബ്രാന്റിൽ നടപ്പിലാക്കിയിരിക്കുന്നത്. കെ.റ്റി.ഡി.സി.ക്ക് കേരളത്തിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഹോട്ടൽ ശൃംഖലയുള്ളതിനാൽ കെ.റ്റി.ഡി.സി. റിസോർട്ടുകളിലെ ആയുർവേദ പാക്കേജുകൾ തിരഞ്ഞെടുക്കുന്ന ഒരാൾക്ക് ഒരു റിസോർട്ടിൽ തുടങ്ങുന്ന ആയുർവ്വേദ ചികിത്സ കേരളത്തിലെ മറ്റൊരു ടൂറിസ്റ്റ് കേന്ദ്രം സന്ദർശിക്കുന്നതിനോടൊപ്പം തുടരാനാകും എന്നതാണ് ഇതിന്റെ മെച്ചം. ഉദാഹരണമായി കൊച്ചിയിലെ ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട്ടിൽ ചികിത്സ തുടങ്ങുന്ന ഒരാൾക്ക് കുമരകത്തോ, കോവളത്തോ, മൂന്നാറിലോ സന്ദർശനത്തോടൊപ്പം ചികിത്സയും തുടരാനാകും. കേരളത്തിലെ പ്രമുഖ ആയുർവേദ കേന്ദ്രമായ ശാന്തിഗിരിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. തനിമയാർന്ന ആയുർവേദ ചികിത്സയും ഗുണമേന്മയുള്ള ഔഷധങ്ങളുമാണ് ഇതിന്റെ പ്രത്യേകത. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) ആയുർവ്വേദ ചികിത്സ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായാണ് 'ഏജ് ഹാൾട്ട്' എന്ന പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഇടമുറിയാത്ത യാത്രയും ചികിത്സയുമാണ് ഇതു വഴി വിഭാവനം ചെയ്തിരിക്കുന്നത്. ഒരു റിസോർട്ടിൽ താമസിച്ച് ചികിത്സിക്കാവുന്നവയാണ് പ്രസ്തുത പാക്കേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആരോഗ്യം (പൊതു ഉണർവ്വ്), സൗഖ്യം (ശാരീരിക സ്വാസ്ഥ്യം) , സുഖ നിദ്ര (നല്ല ഉറക്കം) ദേഹകാന്തി (ചർമ്മ സംരക്ഷണം), നേത്രരക്ഷ (കാഴ്ചയ്ക്ക് അനന്തര ചികിത്സ), ആയുഷ് (പ്രായ വിരാമ ചികിത്സ) എന്നീ പാക്കേജുകൾക്ക് 1900 മുതൽ 1,20,000 രൂപ വരെയാണ് ചാർജ്ജ്. ഒരു ദിവസം മുതൽ 21 ദിവസം വരെയുള്ള പാക്കേജുകൾ തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകളെ ഉദ്ദേശിച്ചാണ് രൂപപ്പെടുത്തിയിരിക്കുന്നത്. |

| | |
|---|---|
| (സി) വിദേശ ടൂറിസ്റ്റുകൾക്ക് ആയുർവേദ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) വിദേശ സഞ്ചാരികളെ കൂടി ലക്ഷ്യമിട്ടാണ് 'എജ് ഹാൾട്ട്' വിഭാവന ചെയ്തിരിക്കുന്നത്. സഞ്ചാരത്തിനെത്തുന്ന വിദേശികൾക്ക് ആയുർവേദ ചികിത്സ കഴിഞ്ഞ് കേരളത്തിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ പലപ്പോഴും സമയം കിട്ടാറില്ല. ഈ സാഹചര്യത്തിൽ ഓരോ സ്ഥലത്തേയ്ക്ക് താമസം മാറുമ്പോഴും തടസ്സമില്ലാതെ ചികിത്സ തുടരാനാകുന്ന പദ്ധതിയാണിത്. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ? | (ഡി) കെ.ടി.ഡി.സി.യുടെ പ്രമുഖ ഹോട്ടലുകളായ കോവളത്തെ സമുദ്ര, കൊച്ചിയിലെ ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട്ട്, മൂന്നാറിലെ ടീ കൗണ്ടി, തേക്കടിയിലുള്ള ലേക്ക് പാലസ്, ആരണ്യ നിവാസ്, പെരിയാർ ഹൗസ്, കുമരകത്തെ വാട്ടർ സ്കേപ്സ് എന്നീ റിസോർട്ടുകളിലെ ആയുർവേദ കേന്ദ്രങ്ങൾ തിരുവനന്തപുരം ആസ്ഥാനമായുള്ള ശാന്തിഗിരി ആശ്രമത്തിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. തിരുവനന്തപുരത്തെ മാസ്കറ്റ് ഹോട്ടലിലെ ആയുർവേദ കേന്ദ്രത്തിന്റെ പ്രവർത്തനം പാലക്കാട് ആസ്ഥാനമായ കൈരളി ആയുർവ്വേദ സെന്ററിനെയാണ് ഏല്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ